**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പർ ആയിരിക്കെ മരണമടഞ്ഞ കെ.കെ.നഞ്ചൻ എന്നവരുടെ മകനും ആശ്രിതനുമായ ശ്രീ.പ്രശാന്ത്.എൻ.കെ സർവ്വീസിലിരിക്കേ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിൽ നേരിട്ട കാലതാമസം മാപ്പാക്കി - ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(കൈ) നം.**131/ 2021/ തസ്വഭവ.** തീയതി, തിരുവനന്തപുരം **09.07.2021.**

---

പരാമർശം : 1) ജി.ഒ.(പി) നം. 12/ 99/ പി & എ ആർ.ഡി തീയതി, 24.05.1999.

2) സർക്കുലർ നം 6678/ ഉപ.സി2/ 2004/ ഉ.ഭ.പ.വ തീയതി 18/ 05/ 2004.

3) ശ്രീ.പ്രശാന്ത്.എൻ.കെ യുടെ 10/ 07/ 2020- ലെ അപേക്ഷ.

4) പഞ്ചായത്ത് ഡയറക്ടറുടെ 04/ 12/ 2020- ലെ PAN/ 13915/ 2020- E14(DP) നം.കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പർ ആയിരിക്കെ മരണമടഞ്ഞ കെ.കെ.നഞ്ചൻ എന്നവരുടെ മകനും ആശ്രിതനുമായ ശ്രീ.പ്രശാന്ത്.എൻ.കെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചു.

പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പർ ആയിരിക്കെ 27.01.2018 ലാണ് കെ.കെ.നഞ്ചൻ മരണമടഞ്ഞത്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി 10/ 07/ 2020 ലാണ് ശ്രീ.പ്രശാന്ത്.എൻ.കെ അപേക്ഷ സമർപ്പിച്ചത്. അപേക്ഷന്റെ ജനനതീയതി 11.03.1996 ആണ്. അപേക്ഷ സമർപ്പിക്കുന്നതിന് ടിയാൻ 6 മാസവും 4 ദിവസത്തിന്റെ കാലതാമസം വരുത്തിയിട്ടുണ്ട്.

പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 19 പ്രകാരം സർക്കാർ ഉദ്യോഗസ്ഥൻ മരണമടഞ്ഞ് 2 വർഷത്തിനകമോ അശ്രിതൻ മൈനറാണെങ്കിൽ പ്രായ പൂർത്തിയായി 3 വർഷത്തിനകമോ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ടി വ്യവസ്ഥ പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിൽ അപേക്ഷകൻ 6 മാസവും 4 ദിവസത്തിന്റെ കാലതാമസം വരുത്തിയിട്ടുണ്ട്. ടിയാന് സർവ്വീസിലിരിക്കേ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് സംബന്ധിച്ച വിവരം പ്രാഥമികമായി അറിയില്ലായിരുന്നവെന്നും ആയതിനാലാണ് യഥാസമയം അപേക്ഷ സമർപ്പിക്കാൻ കഴിയാത്തതെന്നും ആയതിനാൽ അപേക്ഷ നൽകുന്നതിന് ഉണ്ടായ കാലതാമസം മാപ്പാക്കി അപേക്ഷ പരിഗണിക്കണമെന്നും അഭ്യർത്ഥിച്ച് ശ്രീ.പ്രശാന്ത്.എൻ.കെ സർക്കാരിൽ മാപ്പ് അപേക്ഷ സമ്മർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സൂചന (2) പ്രകാരം ടിയാൻ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനത്തിനായി അപേക്ഷ സമർപ്പിക്കാനുണ്ടായ 6 മാസവും 4 ദിവസത്തിന്റെ കാലതാമസം മാനുഷിക പരിഗണന കണക്കിലെടുത്ത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യു

**അഡിഷണൽ സെക്രട്ടറി**

ശ്രീ.പ്രശാന്ത്.എൻ.കെ, കുലുക്കൂർ ഉരു, മട്ടത്തുക്കാട് പി.ഒ,അട്ടപ്പാടി, പാലക്കാട്-678 581( രജിസ്റ്റേഡ് തപാൽ മുഖാന്തിരം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.( അനുബന്ധ രേഖകൾ സഹിതം മടക്കുന്നു).

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, അഗളി ഗ്രാമപഞ്ചായത്ത്, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഡയറക്ടർ, ഐ.കെ.എം.(സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ)വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഇപിഎ 3/18/2021/ തസ്വഭവ).

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ